പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ .614

09.07.2013-ൽ മറുപടിക്ക്

# ട്രോളിംഗ് നിരോധനം

ചോദ്യം

ഉത്തരം

| | | | |
|---|---|---|---|
| | ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. സി. ദിവാകരൻ<br>" ജി. എസ്. ജയലാൽ<br>" കെ.അജിത് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മൺസൂൺകാല നിരോധനത്തിന്റെ പേരിൽ പരമ്പരാഗത വള്ളങ്ങൾക്ക് മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ തീരുമാനം പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | മൺസൂൺകാല ട്രോളിംഗ് നിരോധനത്തിന്റെ പേരിൽ പരമ്പരാഗത വള്ളങ്ങൾക്ക് മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് ട്രോളിംഗ് നിരോധന കാലം ഇപ്പോൾ എത്രയാണ്; ഇത് വർദ്ധിപ്പിക്കണമെന്ന് ശുപാർശയുണ്ടായിട്ടുണ്ടോ; എങ്കിൽ ശുപാർശ എന്താണെന്ന് വ്യക്തമാക്കുമോ ; | (ബി) | സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ജൂൺ 14 അർദ്ധ രാത്രി മുതൽ ജൂലൈ 31 വരെയുള്ള 47 ദിവസത്തേയ്ക്കാണ്. ട്രോളിംഗ് നിരോധന കാലം വർദ്ധിപ്പിക്കണമെന്ന ശുപാർശകളൊന്നും ലഭ്യമായിട്ടില്ല. |
| (സി) | വിദേശ കപ്പലുകൾ മത്സ്യസമ്പത്ത് അരിച്ചുപെറുക്കി നശിപ്പിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (സി) | വിദേശകപ്പലുകൾ മത്സ്യസമ്പത്ത് അരിച്ചുപെറുക്കി നശിപ്പിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ